പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1720 — 31/01/2018 ൽ മറുപടിക്ക്

# പുഴകളും കളങ്ങളും സംരക്ഷിക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സണ്ണി ജോസഫ്**<br>**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ.കെ.സി.ജോസഫ്**<br>**ശ്രീ.എ.പി. അനിൽ കുമാർ** | **ഡോ.കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) ജനകീയ കൂട്ടായ്മയിൽ പുഴകളും കുളങ്ങളും സംരക്ഷിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) ഹരിതകേരളം പദ്ധതിയുടെ ഭാഗമായി പൊതുജനങ്ങളുടെ സഹകരണത്തോടെ കുളങ്ങളും തോടുകളും സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ കുളങ്ങളും തോടുകളും പുഴകളും കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. |
| ബി) ഈ പദ്ധതിയിലൂടെ ഇതിനകം ഏതൊക്കെ പുഴകൾ ശുചിയാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട് ; | ബി) പത്തനംതിട്ട ജില്ലയിലെ ഇരവിപേരൂർ, കോയിപ്രം, കുറ്റൂർ ഗ്രാമപഞ്ചായത്തുകൾ കേന്ദ്രീകരിച്ച് വരട്ടാർ പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കി വരുന്നു. ഇടുക്കി ജില്ലയിലെ ദേവിയാർ പുഴ, അടിമാലി, ഇടവെട്ടിച്ചിറ, കരിമണ്ണൂർതോട്, മുളപ്പുറം-കാരാങ്കോട് തോട്, കിളിയറ തോട്, കൂട്ടാർ അല്ലിയാർതോട്, ആനവിരട്ടി തോട്, ചെങ്കുളം തോട് എന്നിവയും എറണാകുളം ജില്ലയിലെ പെരിയാർ, കോതമംഗലം ആറ് എന്നിവയും തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിപ്പുഴ, മണലിപ്പുഴ എന്നിവയും പാലക്കാട് ജില്ലയിലെ ഭാരതപ്പുഴ, ഗായത്രിപ്പുഴ, കോരയാർപ്പുഴ എന്നിവയും മലപ്പുറം ജില്ലയിലെ ചെറുപുഴ, ഒലിപ്പുഴ എന്നിവയും നിളാ സംരക്ഷണ പദ്ധതി, മാലിന്യ മുക്ത ചാലിയാർ പദ്ധതി എന്നിവയും കണ്ണൂർ ജില്ലയിലെ കുപ്പം-പെരുമ്പപ്പുഴ, കാനാമ്പുഴ, മയ്യഴിപ്പുഴ, പടപ്പേങ്ങാട് തോട്, കരിമ്പംപുഴ, നുച്ചിയാട് പുഴ, കാര്യാംകോട് പുഴ, പെടയനപ്പുഴ, ചാടാലപ്പുഴ, കുപ്പംപുഴ, അഞ്ചരക്കിണ്ടി പുഴ, |

കണ്ണവം മുടപ്പത്തൂർ പുഴ, വളപട്ടണം പുഴയുടെ ഭാഗം എന്നിവയും വയനാട് ജില്ലയിലെ നെല്ലിയമ്പം പുഴ, കോട്ടത്തറ ചെറിയപുഴ, ചുണ്ടാലിപ്പുഴ, പുറക്കാടിപ്പുഴ, ചൂരൽ മലപ്പുഴ, ചോലമലപ്പുഴ, നീർവാരം പുഴ, സുഗന്ധഗിരി, പൊഴുതന പുഴ, വാളാട്, പേര്യ, തലപ്പുഴ, കാളിന്ദി, വൈത്തിരിപ്പുഴ എന്നിവയും കോഴിക്കോട് ജില്ലയിലെ അകലാപ്പുഴ, പൂനൂർപ്പുഴ, ചെറുപുഴ, തൊട്ടിൽപാലം, നായാടൻപുഴ, ഇരട്ടക്കുളം, ചിട്ടിത്തോട്, ഓത്തിയോട്ട് തോട്, കുറ്റ്യാടി ചെറുപുഴ, ചൊവ്വാപ്പുഴ, നെടുവാൽപുഴ, മയ്യഴിപ്പുഴ, വാണിമേൽപുഴ എന്നിവയും ശുചീകരിച്ചിട്ടുണ്ട്.

**സി)** കണ്ണൂർ ജില്ലയിലെ കാനാമ്പുഴ ശുചീകരിച്ച്, പുഴയോരം കേന്ദ്രീകരിച്ച് ടൂറിസം സർക്യൂട്ട്, ചരിത്ര മ്യൂസിയം, കൺവെൻഷൻ സെന്റർ എന്നിവ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ;

**സി)** ബഹു. തുറമുഖ പുരാവസ്തു വകുപ്പ് മന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയുടെ മണ്ഡല വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ മുണ്ടേരി ഗ്രാമപഞ്ചായത്തിൽ നിന്നുത്ഭവിച്ച് കണ്ണൂർ കോർപ്പറേഷനിലെ കടലായി അഴിമുഖത്ത് എത്തിച്ചേരുന്ന വൃത്തിഹീനമായി കിടന്നിരുന്ന പുഴയെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ജനകീയ കൂട്ടായ്മയിൽ പുഴ ശുചീകരണം നടത്തി പുഴയോരം കേന്ദ്രീകരിച്ച് ടൂറിസം അഭിവൃദ്ധിപ്പെടുത്തുന്നതിന് ഏതാണ്ട് 38 കോടിയോളം രൂപ ചെലവ് പ്രതീക്ഷിക്കുന്ന മാസ്റ്റർ പ്ലാൻ ഇറിഗേഷൻ വകുപ്പിന്റെ പരിഗണനയിലാണ്.

**ഡി)** പത്തനംതിട്ട ജില്ലയിലെ വരട്ടാർ വീണ്ടെടുത്തത് പോലെ, ഒഴുക്ക് നിലച്ച പുഴകളും തോടുകളും പുനരുദ്ധരിക്കുവാൻ പദ്ധതി ആവിഷ്കരിക്കുമോ?

**ഡി)** സർക്കാരിന്റെ ഹരിതകേരള മിഷൻ പദ്ധതിയിലുൾപ്പെടുത്തി മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ